# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ:0481–2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 11**

---

*യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജ് ഉദ്ഘാടനം ചെയ്തു*

## യൗവ്വനത്തിൻറെ പ്രസരിപ്പോടെ അവർ ഒത്തുചേർന്നു; ഊർജ്ജസ്വലമായ മൂന്നാം ഘട്ടത്തിനായി

എം.ജി. സർവകലാശാലാ അസംബ്ലി ഹാളിലെ കൂട്ടായ്മ പലർക്കും പഴയ ക്ലാസ്മുറികളിലേക്കും തൊഴിൽ സ്ഥലങ്ങളിലേക്കുമുള്ള മടക്കമായിരുന്നു. പരിചയപ്പെട്ടും അനുഭവങ്ങൾ പങ്കുവച്ചും കലാ പരിപാടികൾ ആസ്വദിച്ചും ഒരു പകൽ. ഒടുവിൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ (യു3എ) മേൽവിലാസത്തിൽ വീണ്ടും ഒത്തുകൂടാം എന്ന ഉറപ്പോടെയായിരുന്നു മടക്കം.

മുതിർന്ന പൗരൻമാരെ ജീവിതത്തിലെ സന്തോഷകരമായ മൂന്നാം ഘട്ടത്തിലേക്ക് നയിക്കുന്ന യു3എയുടെ സർവകലാശാലയിലെ ഉദ്ഘാടനച്ചടങ്ങായിരുന്നു വേദി. 55 കഴിഞ്ഞവർ മുതൽ 90കാരൻ പി.എസ്. ജോൺ വരെ മുന്നൂറോളം പേരാണ് ഉദ്ഘാടനച്ചടങ്ങിലും അനുബന്ധ പരിപാടികളിലും പങ്കെടുക്കാനെത്തിയത്.

കർഷകർ, വീട്ടമ്മമാർ, മെക്കാനിക്കുകൾ, ബിസിനസുകാർ, ഡോക്ടർമാർ, അഭിഭാഷകർ, അധ്യാപകർ, മാധ്യമ പ്രവർത്തകർ, സർക്കാർ ജീവനക്കാർ, തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്നവരും ഇപ്പോഴും സജീവമായി തുടരുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. പാട്ടും കഥകളിയും തിരുവാതിരയും കോൽക്കളിയുമൊക്കെ മികവോടെ വേദിയിലെത്തിയപ്പോൾ നിറഞ്ഞ കയ്യടിയുമായി സദസ് കൂടെ നിന്നു.

ചടങ്ങിൽ സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് യു3എയുടെ ഉദ്ഘാടനം നിർവഹിച്ചു. അക്കാദമിക്, ഗവേഷണ മേഖലകൾക്കപ്പുറം സമൂഹത്തിന് ഗുണകരമാകുന്ന നിരവധി പ്രവർത്തനങ്ങൾ നടത്തുന്ന സർവകലാശാലയുടെ സുപ്രധാനമായ ഒരു ചുവടുവയ്പ്പാണ് യു3എ എന്ന് അദ്ദേഹം പറഞ്ഞു.

ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് യൂണിവേഴ്സിറ്റീസ് ഓഫ് ദി തേഡ് ഏജ് പ്രസിഡന്റ് ഡോ. ഫ്രാൻസ്യ വെല്ലാസ് ഓൺലൈനിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

സർവകലാശാലാ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ്, മുതിർന്ന പൗരൻമാരുടെ ക്ഷേമവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സിനർജി പ്രതിനിധി ഡോ. എം.സി. ജോസഫ്, ബട്ടർഫ്ളൈ ഫൗണ്ടേഷൻ സ്റ്റേറ്റ് കോ ഓർഡിനേറ്റർ പി. ഷറഫുന്നീസ, ഡോ. ടോണി തോമസ്, ഡോ. തോമസ് ഏബ്രഹാം, എൻ. സയ്ദ് റിയാസ് മെഹ്ബൂബ് എന്നിവർ സംസാരിച്ചു.

സിനർജി ന്യൂസ് ലെറ്ററിന്റെയും ടി.സി.ഐ പുസ്തകങ്ങളുടെയും പ്രകാശനം, യു3എ തീം സോംഗ് അവതരണം തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി നടന്നു.

55 വയസു കഴിഞ്ഞവർക്ക് ഒത്തുചേരുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും ഊർജ്ജസ്വലരായി തുടരുന്നതിനുമുള്ള വേദിയാണ് യു3എ ഒരുക്കുന്നത്. ഇവരുടെ അറിവുകളും അനുഭവ സമ്പത്തും നൈപുണ്യവും സമൂഹത്തിന് പ്രയോജനകരമായി പങ്കുവയ്ക്കാനും പുതിയ അറിവുകൾ സ്വന്തമാക്കാനും അവസരമുണ്ടാകും.

1973ൽ ഫ്രാൻസിൽ തുടക്കം കുറിച്ച് ഇപ്പോൾ ഇരുപതോളം രാജ്യങ്ങളിൽ സജീവമായ യു3എ ഇന്ത്യയിൽ ആദ്യമായാണ് ഒരു സർവകലാശാല കേന്ദ്രീകരിച്ച് തുടങ്ങുന്നത്.

**ഫോട്ടോ ക്യാപ്ഷൻ..**

എം.ജി സർവകലാശാലാ അസംബ്ലി ഹാളിൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. തോമസ് ഏബ്രഹാം, ഡോ. റോബിനെറ്റ് ജേക്കബ്, പ്രഫ. സജിമോൻ ഏബ്രഹാം, പി. ഷറഫുന്നീസ, ഡോ. ടോണി കെ. തോമസ് എന്നിവർ സമീപം.

(പി.ആർ.ഒ/39/292/2023)

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ ബി.എ മ്യൂസിക് വോക്കൽ, കഥകളി ചെണ്ട (സി.ബി.സി.എസ് 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷൻ റീ-അപ്പിയറൻസ് - ഫെബ്രുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 15 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്ട്സിൽ നടത്തും.

(പി.ആർ.ഒ/39/293/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**